# പതിമൂന്നാം കേരള നിയമസഭ

# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3372 24/06/13-ൽ മറുപടിക്ക്

## അലങ്കാര മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, എം. വി. ശ്രേയാംസ് കുമാർ: | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് അലങ്കാര മത്സ്യ കൃഷിയുടെ സാദ്ധ്യത എത്രത്തോള മുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷിക്ക് വളരെയധികം സാദ്ധ്യതയാണുള്ളത്. അലങ്കാര മത്സ്യകൃഷിക്കനുയോജ്യമായ നിരവധി ജലാശയങ്ങൾ, അനുകൂലമായ കാലാവസ്ഥ തുടങ്ങിയ വിവിധ ഘടകങ്ങൾ കേരളത്തിൽ നിലവിലുണ്ട്. എന്നാൽ ഈ മേഖല മതിയായ വിധത്തിൽ ഇനിയും വികസിച്ചിട്ടില്ല. 2010-11 വർഷം കേരളത്തിലെ പോർട്ടുകളിൽ നിന്ന് 12 ടൺ അലങ്കാര മത്സ്യം കയറ്റുമതി ചെയ്തിട്ടുണ്ട്. ഇതിലൂടെ 0.50 കോടി രൂപ (0.10 മില്ല്യൺ അമേരിക്കൻ ഡോളർ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത വർഷത്തെ കേരളത്തിലെ പോർട്ടുകളിലൂടെയുള്ള അലങ്കാര മത്സ്യ കയറ്റുമതി രാജ്യത്തിന്റെ ആകെ അലങ്കാര മത്സ്യ കയറ്റുമതിയുടെ 7.94%വും ലോകവിപണിയുടെ 0.02 ശതമാനവും മാത്രമാണ്. |
| (ബി) ഏതെല്ലാം വിദേശരാജ്യങ്ങളിലേക്കാണ് അലങ്കാരമത്സ്യങ്ങൾ കയറ്റി അയയ്ക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) സിംഗപ്പൂർ, മലേഷ്യ, ജപ്പാൻ, തായ്‌ലാന്റ്, യു.എസ്.എ, ശ്രീലങ്ക, അബുദാബി,ബഹറിൻ തുടങ്ങിയ വിദേശ രാജ്യങ്ങളിലേയ്ക്ക് അലങ്കാര മത്സ്യങ്ങളെ കയറ്റി അയയ്ക്കുന്നുണ്ട്.<br><br>കേരള അക്വാവെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കേരള സർക്കാർ അധീനതയിലുള്ള കമ്പനിയിൽ നിന്ന് യു.എസ്.എ, ശ്രീലങ്ക, അബുദാബി,ബഹറിൻ എന്നീ രാജ്യങ്ങളിലേയ്ക്ക് അലങ്കാര മത്സ്യങ്ങളെ കയറ്റി അയയ്ക്കുന്നുണ്ട്, |

| | |
|---|---|
| (സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം അലങ്കാര മത്സ്യ കയറ്റുമതിയിലൂടെ ആർജ്ജിച്ച വിദേശനാണ്യം എത്രയെന്ന് വ്യക്തമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാവിൽ എന്ന കമ്പനിയ്ക്ക് 45148.88 അമേരിക്കൻ ഡോളർ ലഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത മത്സ്യങ്ങളുടെ ഉല്പാദനവും , വിപണനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനവും, വിപണനവും,കയറ്റുമതിയും,വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്വാവെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. സ്വയം സഹായ ഗ്രൂപ്പുകൾക്കും, സ്വയം സംരംഭകർക്കും അലങ്കാര മത്സ്യകൃഷിയിലും അക്വേറിയം പരിപാലനത്തിലും പരിശീലനം മത്സ്യഫെഡ് നൽകി വരുന്നുണ്ട്. സ്വയം സഹായ ഗ്രൂപ്പുകൾ ഉല്പാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിനായി മത്സ്യഫെഡ് കോട്ടയം ജില്ലാ ഓഫീസിന്റെ നിയന്ത്രണത്തിൽ വിപണന കേന്ദ്രം പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിലെ തെന്മലയിൽ അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനവും വിപണനവും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ